**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 411** **16-09-2025 - ൽ മറുപടിയ്ക്ക്**

**ശുചിത്വ കേരളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി ആവിഷ്കരിച്ച മാതൃക പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി ആവിഷ്കരിച്ച മാതൃക പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>1. ഉറവിടത്തിൽ നിന്നും മാലിന്യം തരം തിരിച്ച് ശേഖരിക്കുക<br><br>2. എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ആവശ്യമെങ്കിൽ കമ്മ്യൂണിറ്റി തലത്തിലും പരമാവധി സ്വന്തം നിലയിൽ കമ്പോസ്റ്റിങ്ങ്, ബയോമെതനേഷൻ (ബയോഗ്യാസ് പ്ലാന്റ്), രീതികളിലൂടെ ജൈവമാലിന്യം സംസ്കരിക്കുന്നതിനും അതിനായി ശുചിത്വമിഷൻ അംഗീകരിച്ചിട്ടുള്ള ഉപാധികൾ പ്രയോജനപ്പെടുത്തുകയും ചെയ്യുക.<br><br>3. സ്ഥല പരിമിതിയുള്ള വീടുകളിലെ ജൈവമാലിന്യം ശേഖരിച്ച് കമ്മ്യൂണിറ്റിതല കമ്പോസ്റ്റിംഗ്, കംപ്രസ്ഡ് ബയോഗ്യാസ് പ്ലാന്റ് എന്നിവയിലേക്ക് എത്തിച്ച് സംസ്കരിക്കുന്ന പദ്ധതികൾ.<br><br>4. സ്ഥാപനങ്ങൾ, മാർക്കറ്റ്, കമ്മ്യൂണിറ്റി എന്നീ തലങ്ങളിൽ തുമ്പൂർമുഴി കമ്പോസ്റ്റിംഗ്, ബയോഗ്യാസ് പ്ലാന്റ് എന്നി പ്രോജക്ടുകൾ പ്രോത്സാഹിപ്പിക്കുക.<br><br>5. നിലവിലുള്ള പൊതുമാലിന്യ സംസ്കരണ പ്ലാന്റുകളുടെ അറ്റകുറ്റപണികളും നവീകരണ പ്രവർത്തനങ്ങളും ഏറ്റെടുക്കുക.<br><br>6. വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും വൃത്തിയാക്കി തരം തിരിക്കപ്പെട്ട അജൈവമാലിന്യം ശേഖരിച്ച് പുന:ചംക്രമണം ചെയ്യുന്നതിനായി പൊതുവായ അജൈവ മാലിന്യ പരിപാലന സൗകര്യങ്ങളായ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ സ്ഥാപിക്കുക അജൈവ മാലിന്യ |

പുന:ചംക്രമണ പാർക്കുകൾ എന്നിവ സ്ഥാപിക്കുന്നതിന് അനുയോജ്യമായ ഭൂമി വാങ്ങുക.

7. മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്ററുകൾ സ്ഥാപിക്കുന്നതിന്റെ അനുബന്ധ സൗകര്യങ്ങളായ ബെയ്ലിംഗ് മെഷിൻ, ഷ്രെഡിംഗ് മെഷീൻ, ഡി-ഡസ്റ്റിംഗ് മെഷീൻ, വാഷിംഗ് സൗകര്യം, മലിനജലം ട്രീറ്റ് ചെയ്യുന്നതിനുള്ള സൗകര്യം എന്നിവ ആവശ്യാനുസരണം ഏർപ്പെടുത്തുക.

8. റീജിയണൽ സാനിട്ടറി ലാൻഡ്ഫിൽ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം വാങ്ങലും അവ സ്ഥാപിക്കലും.

9.റീസൈക്ലിംഗ് വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിന് റീസൈക്ലിംഗ് വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനുള്ള പശ്ചാത്തല സൗകര്യം വ്യവസായ എസ്റ്റേറ്റുകളിൽ ഒരുക്കുക.

10. സംസ്ഥാനത്ത് രൂപപ്പെടുന്ന പുനരുപയോഗ യോഗ്യമല്ലാത്ത അജൈവ മാലിന്യം ജില്ലാ തലത്തിൽ RDF പ്ലാന്റുകൾ സ്ഥാപിച്ച് RDFആക്കി നീക്കം ചെയ്യുന്നതിനുള്ള നടപടികളും RDFപ്ലാന്റുകൾ മുഖേന ഇന്ധനമായി മാറ്റപ്പെടുന്ന മാലിന്യം സംസ്കരിക്കുന്നതിനായി വേസ്റ്റ് ടു എനർജി പ്ലാന്റുകൾ സ്ഥാപിക്കുന്ന നടപടികളും സംസ്ഥാനത്ത് സ്വീകരിച്ചുവരുന്നു.

11. സാനിട്ടറി മാലിന്യം, മുടി മാലിന്യം, കോഴിമാലിന്യം, മറ്റ് ഇറച്ചി മാലിന്യം, മത്സ്യ മാലിന്യം സി&ഡി മാലിന്യം എന്നിവയുടെ സംസ്കരണത്തിനായി പ്ലന്റുകൾ സ്ഥാപിക്കുക. അഗീകൃത ഏജൻസികളെ എംപാനൽ ചെയ്യുക.

12. സംസ്ഥാനത്തെ വിവിധ പ്രദേശങ്ങളിലായി കാലങ്ങളോളം കെട്ടികിടക്കുന്ന വലിയ മാലിന്യ കൂനകൾ കണ്ടെത്തി അവ ബയോ മൈനിംഗ് പ്രക്രിയയിലൂടെ നീക്കം ചെയ്യുന്നതിനുള്ള പ്രവർത്തനം യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കുക

13. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആധുനിക വത്കരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഹരിത മിത്രം ആപ്ലിക്കേഷനോ സമാനമായ ആപ്ലിക്കേഷനുകളോ ഉപയോഗിച്ച് ഡിജിറ്റൽ മോണിറ്ററിംഗ് ആരംഭിച്ചു.

14. ഗ്യാസ് ക്രിമറ്റോറിയം, അറവുശാല, പാക്കേജ്ഡ് സീവേജ്/സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ എന്നിവ

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുന്നതിന് പ്രോജക്ടുകൾ ഏറ്റെടുക്കുക.<br><br>12. ജൈവമാലിന്യ സംസ്കരണം ഊർജ്ജിത പ്പെടുത്തുന്നതിനായി ഉപയോഗിക്കുന്ന അംഗീകൃത ഇനോകുലത്തിന് സബ്സിഡി ലഭ്യമാക്കുക.<br><br>16. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നിയമ ലംഘനങ്ങൾ കണ്ടെത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അറിയിക്കുന്നതിനായി സംസ്ഥാനതലത്തിൽ 9446700800 എന്ന ഏകീകൃത വാട്സ് ആപ് നമ്പർ ആരംഭിച്ചു.<br><br>17. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾക്കെതിരെ തദ്ദേശ സ്വയംഭരണ സ്ഥാപനതല വിജിലൻസ് സ്ക്വാഡുകളും ജില്ലാ എൻഫോഴ്സ്മെന്റ് സ്ക്വാഡുകളും രൂപീകരിച്ചു പ്രവർത്തിച്ചുവരുന്നു.<br><br>18. മാലന്യ മുക്ത നവകേരളം ക്യാമ്പയിനിന്റെ ഭാഗമായി വിവിധങ്ങളായ ക്യാമ്പയിൻ പ്രവർത്തനങ്ങൾ |
| (ബി) | ശുചിത്വ കേരളം പദ്ധതിക്ക് ലഭിച്ച അംഗീകാരങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (ബി) | ശുചിത്വ കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി മാലിന്യമുക്തം നവകേരളം എന്ന പേരിൽ ഒരു കർമ്മപദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. 2024 ഒക്ടോബർ 2 മുതൽ ആരംഭിച്ച് അന്താരാഷ്ട്ര സീറോ വേസ്റ്റ് ദിനമായ മാർച്ച് 30-ന് അവസാനിക്കുന്ന രീതിയിലാണ് പ്രസ്തുത കർമ്മ പദ്ധതി ആവിഷ്കരിച്ചിരുന്നത്. മുൻ വർഷങ്ങളെ അപേക്ഷിച്ച് പ്രസ്തുത കർമ്മ പദ്ധതി പ്രകാരം സ്വച്ച് സർവേക്ഷൺ റാങ്കിംഗിൽ കേരളത്തിൽ നിന്നും 8 നഗരസഭകൾ ആദ്യ 100 റാങ്കിനുള്ളിലും 82 നഗരസഭകൾ ആദ്യ 1000 റാങ്കിനുള്ളിലും ഇടംപിടിക്കാൻ സാധിച്ചിട്ടുണ്ട്. ഇതിനു പുറമെ 23 നഗരസഭകൾക്ക് ഗാർബേജ്ഫ്രീ സിറ്റി നക്ഷത്ര പദവി നേടാൻ കഴിഞ്ഞു. മൂന്ന് നഗരസഭകൾക്ക് 3-സ്റ്റാറും, 20 നഗരസഭകൾക്ക് 1-സ്റ്റാർറേറ്റിങ്ങും നേടാൻ സാധിച്ചു. കൂടാതെ സ്വച്ഛ് സർട്ടിഫിക്കേഷനുകളിൽ തിരുവനന്തപുരം കോർപ്പറേഷൻ WATER+ സർട്ടിഫിക്കേഷൻ നേടാൻ സാധിച്ചു. മൂന്ന് നഗരസഭകൾക്ക് ODF++ഉം, 77 നഗരസഭകൾക്ക് ODF+ സർട്ടിഫിക്കേഷനും ലഭിച്ചു. |

| | | | |
|---|---|---|---|
| (സി) | ശുചിത്വ കേരളം പദ്ധതിയിൽ നിലവിൽ എത്ര ഹരിത കർമ്മ സേനാംഗങ്ങളാണ് സേവനം നടത്തുന്നതെന്ന് വിശദമാക്കുമോ? | (സി) | സംസ്ഥാനത്ത് നിലവിൽ മുഴുവൻ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലുമായി 38,312 ഹരിതകർമ്മ സേനാംഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ